9. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ചീഫ് സെക്യൂരിറ്റി ആഫീസറുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാരും.

(എം) വിവരം ശേഖരിച്ചുവരുന്നു.

(എൻ) ഔപചാരികമായ ചർച്ചകളൊന്നും നടക്കുകയുണ്ടായില്ല.

(ഒ) ഉറപ്പുകളൊന്നും നൽകിയിട്ടില്ല. എന്നാൽ ജോലിക്കുഹാജരായ ജീവനക്കാരെ ഭീഷണിപ്പെടുത്തുകയോ ദേഹോപദ്രവമേൽപ്പിക്കുകയോ മറ്റ് അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തതിന് ജീവനക്കാരുടെ പേരിൽ കേരള എസൻഷ്യൽ സർവ്വീസസ് മെയിൻറനൻസ് ഓർഡിനൻസ് അനുസരിച്ചോ മറ്റു നിയമങ്ങൾ അനുസരിച്ചോ എടുത്തിട്ടുള്ള കേസ്സുകൾ ഒഴികെ മറ്റു കേസ്സുകൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(പി) ഇല്ല.

(ക്യു) ഇപ്പോൾ ഉദ്ദേശമില്ല.

ആദിവാസികളുടെ പട്ടിണിയും തൊഴിലില്ലായ്മയും

*7 [7] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആദിവാസികൾ പട്ടിണിയും തൊഴിലില്ലായ്മയും കാരണം സ്വന്തം കുടിലുകൾ ഉപേക്ഷിച്ച് വിദൂര സ്ഥലങ്ങളിലേക്കു പോയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) വയനാട്ടിൽ ചില ആദിവാസികൾ തൊഴിലന്വേഷിച്ച് താൽക്കാലികമായി വനത്തിലേക്കും മറ്റ് സ്ഥലങ്ങളിലേക്കും പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ വീണ്ടും തങ്ങളുടെ സ്ഥിരം താമസ സ്ഥലങ്ങളിലേക്ക് മടങ്ങാറുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ നൽകുന്നതിന് ഗവൺമെൻറ് പല പദ്ധതികളും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

ഡൈസ്നോൺ

*8 [8] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായനാർ ഗവൺമെൻറ് ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ വല്ല ഉത്തരവും പുറപ്പെടുവിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിന്റെ നിലപാടെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly